011461

# കേരള സർക്കാർ

## സംഗ്രഹം

സംസ്ഥാന ജലഗതാഗതവകുപ്പ് - സംസ്ഥാന ജലഗതാഗതവകുപ്പ് വക മേൽക്കൂരയില്ലാത്ത ബോട്ടു ജെട്ടികളിൽ മേൽക്കൂര നിർമ്മിച്ച് അതിന്റെ വശങ്ങളിൽ പരസ്യ ബോർഡ് സ്ഥാപിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

PUBLIC RELATIONS
9 MAR 2010
SECRETARIAT, THIRUVANANTHAPURAM

---

## ഗതാഗത (ഡി) വകുപ്പ്

സ.ഉ.(സാധാ).നമ്പർ. 80/2010/ഗതാഗതം. തിരുവനന്തപുരം, തീയതി 03..03.2010.

---

പരാമർശം :1. സംസ്ഥാന ജലഗതാഗതവകുപ്പ് ഡയറക്ടറുടെ 30..11..09ലെ എ3/11243/09 നമ്പർ ക്വട്ടേഷൻ

2.സംസ്ഥാന ജലഗതാഗതവകുപ്പ് ഡയറക്ടറുടെ 14..01..2010ലെ എ3-11243/09 നമ്പർ കത്ത്.

## ഉത്തരവ്

സംസ്ഥാന ജലഗതാഗതവകുപ്പിന്റെ മേൽക്കൂരയില്ലാത്ത ബോട്ടുജെട്ടികളിൽ മേൽക്കൂര നിർമ്മിച്ച് അതിന്റെ വശങ്ങളിൽ പരസ്യ ബോർഡ് സ്ഥാപിക്കുന്നതിന് പരാമർശം ഒന്ന് പ്രകാരം സംസ്ഥാന ജലഗതാഗതവകുപ്പ് ഡയറക്ടർ ക്വട്ടേഷൻ ക്ഷണിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മെ. ഐശ്വര്യ അഡ്വർടൈസിംഗ് കമ്പനി മാത്രം ക്വട്ടേഷൻ സമർപ്പിക്കുകയും ചെയ്തിരുന്നു. ഈ ക്വട്ടേഷൻ അംഗീകരിച്ച് ഉത്തരവ് നല്കണമെന്ന് പരാമർശം രണ്ടിലെ കത്ത് പ്രകാരം ഡയറക്ടർ സർക്കാരിനോടഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ജലഗതാഗതവകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്ത സാഹചര്യങ്ങളുടെ വെളിച്ചത്തിൽ പരാമർശം ഒന്നിലെ ക്വട്ടേഷൻ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന ജലഗതാഗതവകുപ്പ് വക മേൽക്കൂരയില്ലാത്ത ജെട്ടികളിൽ മേൽക്കൂര നിർമ്മിച്ച് പരസ്യബോർഡ് സ്ഥാപിക്കുന്നതിന് മെ.ഐശ്വര്യ അഡ്വർടൈസിംഗ് കമ്പനിയുടെ ക്വട്ടേഷൻ അംഗീകരിച്ച് നടപടികൾ കൈക്കൊള്ളുന്നതിന് സംസ്ഥാന ജലഗതാഗതവകുപ്പ് ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവാകുന്നു

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**പി.ഗീത,**
ജോയിന്റ് സെക്രട്ടറി.

കോപ്പി : ഡയറക്ടർ, ജല ഗതാഗത വകുപ്പ്, ആലപ്പുഴ.
ധനകാര്യ വകുപ്പ്(3.2.2010ലെ 6737/ഇൻഡ ആന്റ് പി ഡബ്ല്യൂ എ1/10/ഫിൻ നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് വകുപ്പ്(സർക്കാർ വെബ്സൈറ്റിൽ ( സിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

11461/A2/10/I&PRD

I&PR (A) Dept

May be forwarded to DD (W&NM) for n/a.

10/3.